## Matthew 4:1-11

മലമുകളിലുള്ള നിശബ്ദ വനത്തിൽ വിശുദ്ധനായ ഒരു മനുഷ്യനുണ്ടായിരുന്നു. മുടന്തി മുടന്തി ഒരു കൊള്ളക്കാരൻ മലമുകളിലെത്തി. വിശുദ്ധന്റെ കാല്ക്കൽ വീണ് അയാൾ അപേക്ഷിച്ചു. `മഹാ വിശുദ്ധാ, എനിക്ക് സ്വസ്ഥത തരൂ. എന്റെ പാപങ്ങൾ നിരന്തരം എന്നെ പീഢിപ്പിച്ചുകൊണ്ടിരിക്കുന്നു`. അപ്പോൾ വിശുദ്ധൻ പറഞ്ഞു: `എന്റെ പാപങ്ങൾ എന്നെയും പീഢിപ്പിച്ചുകൊണ്ടിരിക്കുന്നു`. കൊള്ളക്കാരൻ: `ഞാനൊരു കൊള്ളക്കാരനും പിടിച്ചുപറിക്കാരനുമാണ്`. വിശുദ്ധൻ: `ഞാനും ഒരു കൊള്ളക്കാരനും പിടിച്ചു പറിക്കാരനും ആണ്`. അപ്പോൾ കൊള്ളക്കാരൻ: `ഞാനൊരു കൊലപാതകി കൂടിയാണ്, ഗുരോ. എണ്ണമറ്റ മനുഷ്യരുടെ രക്തവിലാപങ്ങൾ എന്റെ കാതിൽ മുഴങ്ങുന്നുണ്ട്`. വിശുദ്ധന്റെ മറുപടി: `ഞാനും കൊലപാതകിയാണ്. എണ്ണമറ്റ മനുഷ്യരുടെ രക്തവിലാപങ്ങൾ എന്റെ കാതിലും മുഴങ്ങുന്നുണ്ട്. കൊള്ളക്കാരൻ വീണ്ടും പറഞ്ഞു: `എണ്ണമറ്റ കുറ്റകൃത്യങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്`. വിശുദ്ധൻ: `ഞാനും`.

വിശുദ്ധനെ തുറിച്ചൊന്നു നോക്കിയശേഷം അവൻ താഴേക്കിറങ്ങിപ്പോയി. ചെയ്യാത്ത കുറ്റങ്ങളുടെ പേരിൽ അങ്ങ് ഒരു കുറ്റവാളിയെന്ന് സ്വയം ആരോപിച്ചതെന്തിന്? ആ മനുഷ്യൻ അങ്ങിലുള്ള വിശ്വാസം നഷ്ടപ്പെട്ട് ഇറങ്ങിപ്പോയത് അങ്ങ് കണ്ടില്ലേ? ശിഷ്യഗണം വിശുദ്ധനോടു ചോദിച്ചു. `അത് സത്യമാണ്. അയാൾ ഇനി ഒരിക്കലും എന്നെ വിശ്വസിക്കില്ല. എങ്കിലും അവന്റെ മനസ്സിൽ ഏറെ ശാന്തി ലഭിച്ചിരിക്കുന്നു`.

നാളെ മുതൽ നാം അമ്പതു നോമ്പ് ആരംഭിക്കുകയാണ്. അപരന് ആശ്വാസം ലഭിക്കാൻ ചെയ്യാത്ത കുറ്റങ്ങൾ ഏറ്റെടുത്ത ഒരു ദൈവപുത്രന്റെ ചിത്രമാണ് നോമ്പുദിനങ്ങളിൽ വിശ്വാസികളുടെ ഹൃദയത്തെ തൊടേണ്ടത്.

ഈ നോമ്പു ദിനങ്ങളിൽ വിശ്വാസികളായ നാം എങ്ങനെയാണ് ജീവിക്കേണ്ടതെന്നും പരിക്ഷണങ്ങളെ എങ്ങനെയാണ് അതിജീവിക്കേണ്ടതെന്നും ഈശോ തന്നെ കാണിച്ചു തരുന്ന മാതൃകയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം വായിച്ചു കേട്ടത്.

ഒന്നാമത്തെ വാക്യത്തിൽ നാം വായിക്കുന്നു, പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ഈശോയെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. പഴയ നിയമത്തിൽ മരുഭൂമി ദൈവസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ്. ഇസ്രായേൽകാരുടെ 40 വർഷത്തെ മരുഭൂമി വാസത്തിൽ ദൈവം പകൽ മേഘമായും രാത്രി അഗ്നിസ്തംഭവുമായും തന്റെ സാന്നിധ്യം അറിയിക്കുന്നു. മരുഭൂമിയിൽ അവിടുന്ന് തന്റെ ജനത്തെ കഴുകന്റെ ചിറകുകളിൽ എന്നപോലെ സംരക്ഷിക്കുന്നു. എന്നാൽ ഇവിടെ ദൈവസാന്നിധ്യം നഷ്ടപ്പെട്ട് പിശാചിന്റെ കേന്ദ്രമായി മരുഭൂമി മാറിയിരിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യം അനുഭവിക്കാൻ സാധിക്കാത്ത സ്ഥലങ്ങളൊക്കെയും പിശാചിന്റെ കേന്ദ്രങ്ങളാണ്.

2-ാം വാക്യത്തിൽ നാം കാണുന്നു: ഈശോ 40 ദിനരാത്രങ്ങൾ ഉപവസിച്ചു. പഴയ നിയമത്തിൽ 40 ദിവസത്തെ ഉപവാസ പ്രാർത്ഥനകൾക്കുശേഷമാണ് മോശ നിയമങ്ങൾ സ്വീകരിച്ചത്. 40 ദിവസത്തിലെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും തന്റെ പുണ്യജീവിത പ്രവർത്തനങ്ങൾക്കാവശ്യമായ ശക്തി സംഭരിക്കുന്ന മനുഷ്യപുത്രൻ. ഒരു തരത്തിൽ പറഞ്ഞാൽ 40 ദിനരാത്രങ്ങൾ പ്രലോഭനത്തിന്റെ കാലഘട്ടമായിരുന്നു. എന്നാൽ തന്റെ ഉപവാസ പ്രാർത്ഥനയിലൂടെ പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ശക്തി നേടുന്ന ഈശോ തനിക്ക് ആത്മീയ ശക്തി ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഉപവാസത്തെ കാണുന്നു. തന്റെ മുന്നോട്ടുള്ള യാത്രയിൽ തനിക്ക് ഉണ്ടാകാൻ സാധ്യതയുള്ള പ്രലോഭനങ്ങളെ തരണം ചെയ്യാനുള്ള ശക്തി തന്റെ ഉപവാസത്തിലൂടെ ഈശോ നേടിയെടുക്കുന്നു.

ഉപവാസത്തിലൂടെ ദൈവം തന്റെ കാരുണ്യം വർഷിക്കുന്നു. നമ്മുടെ നിരവധിയായ പാപങ്ങൾക്ക് അവിടുന്ന് മോചനം നൽകുന്നു. എന്നാൽ ഉപവാസത്തിന്റെ യാഥാർത്ഥ അർത്ഥം ഏശയ്യാ 58:1 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കും. തങ്ങൾ ഉപവസിച്ച് പ്രാർത്ഥിച്ചിട്ടും എന്തുകൊണ്ടാണ് ദൈവം തങ്ങളുടെ പ്രാർത്ഥന കേൾക്കാത്തതെന്ന് പരാതി പറയുന്ന ജനം. എന്നാൽ പ്രവാചകൻ പറയുന്നു: ഉപവസിക്കുമ്പോൾ നിങ്ങൾ സ്വന്തം സുഖമാണ് തേടിയത്. കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും വേണ്ടി മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. എന്നാൽ ഇതല്ല യഥാർത്ഥ ഉപവാസം. ഒരുവനെ എളിമപ്പെടുത്തുന്നതായിരിക്കണം ഉപവാസം. അന്യനെ സഹായിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നതാണ്

യഥാർത്ഥ ഉപവാസം. മറ്റുള്ളവരുടെ ദു:ഖത്തിൽ സ്നേഹത്തിന്റെ ചൈതന്യം നൽകുമ്പോഴാണ് ഉപവാസം നന്മയായി മാറുന്നത്. ഇഷ്ടഭോജ്യങ്ങൾ വെടിഞ്ഞാൽ മാത്രം പോരാ നമ്മുടെ തഴക്കദോഷങ്ങളും നാം വെടിയണം. തന്റെ ഉപവാസത്തിലൂടെ ഈശോ പ്രലോഭനത്തെ പരാജയപ്പെടുത്തി നമുക്ക് ഒരു മാതൃക നൽകുന്നു. സ്നേഹംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുവാൻ ഈ ഉപവാസം നമ്മെ സഹായിക്കണം.

പ്രലോഭകൻ ഈശോയെ സമീപിച്ചു പറയുന്നു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക: ഈശോയ്ക്കുണ്ടാകുന്ന പ്രലോഭനങ്ങൾ എല്ലാംതന്നെ ദൈവപുത്രൻ എന്ന നിലയിലാണ്. എന്നാൽ മനുഷ്യപുത്രനാണ് പ്രലോഭനത്തിനു വിധേയമാകുന്നത്. മനുഷ്യനെന്ന നിലയ്ക്കാണ് അവിടുത്തേക്കു വിശക്കുന്നത്. മനുഷ്യനെന്ന നിലയിൽ പ്രലോഭിക്കപ്പെടുന്നു. എന്നാൽ ഈശോ പരാജിതനാകുന്നില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം അപ്പത്തേക്കാൾ പ്രധാനം ദൈവവചനവും അതിനോടുള്ള അനുസരണവുമാണെന്ന് ഈശോ പഠിപ്പിക്കുന്നു. പഴയ നിയമത്തിൽ ദൈവത്തിന്റെ വചനത്തെ ധിക്കരിക്കുന്ന ഇസ്രായേൽ ജനത്തെ, തന്റെ അനുസരണം വഴി ഈശോ പരാജയപ്പെടുത്തുന്നു.

ആദ്യത്തെ പ്രലോഭനത്തിൽ പിശാച് ഈശോയെ സമീപിക്കുകയാണെങ്കിൽ അടുത്ത രണ്ട് പ്രലോഭനങ്ങളിലും അവൻ ഈശോയെ കൂട്ടിക്കൊണ്ടു പോകുന്നു. വിശുദ്ധർക്കും തിരഞ്ഞെടുക്കപ്പെടുന്നവർക്കും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന പരിപാലനയെ ഇല്ലാതാക്കാനുള്ള പ്രലോഭനമാണ് ഈശോയ്ക്കുണ്ടാകുന്നത്. താൻ ആശ്രയം വച്ചിരിക്കുന്ന ദൈവത്തിന് തന്നെ രക്ഷിക്കാൻ സാധിക്കുമോ എന്ന സംശയം. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിക്കാതിരിക്കുന്നത് പരീക്ഷയാണ്. 1 കൊറി. 10:9-ൽ പറയുന്നു `അവരിൽ ചിലർ ചെയ്തതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുത്`.

ദൈവത്തെ ഉപേക്ഷിക്കാനുള്ള പ്രലോഭനമാണ് മൂന്നാമത്തേത്. തനിക്ക് അവകാശമായി കിട്ടിയ എല്ലാ വസ്തുക്കളും ഈശോയ്ക്ക് സ്വന്തമായി കൊടുക്കുമെന്ന് പറയുന്ന പ്രലോഭകൻ. എന്നാൽ ഒരു വ്യവസ്ഥ മാത്രം: `നീ എന്നെ ആരാധിക്കണം`. എന്നാൽ താൻ ആശ്രയം വച്ചിരിക്കുന്ന, തന്നെ അയച്ച പിതാവിൽ മാത്രം രക്ഷ കണ്ടെത്തിയ ഈശോ. ദൈവത്തേക്കാളുപരി മറ്റെന്തെങ്കിനെയെങ്കിലും എന്റെ മനസ്സിൽ ഞാൻ

ആരാധിക്കുന്നുണ്ടോ എന്ന് ഞാൻ പരിശോധിക്കണം. എന്റെ ആശ്രയം എന്തിലാണ്.

സ്നേഹമുള്ളവരെ, തനിക്കു നേരിടേണ്ടിവന്ന മൂന്ന് പ്രലോഭനങ്ങളെയും ഈശോ നേരിട്ടത് വചനത്തിന്റെ ശക്തി ഉപയോഗിച്ചാണ്. വചനത്തിന്റെ ശക്തിയെക്കുറിച്ച് ഹെബ്രായർ 4:12-ൽ പറയുന്നു: `ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്: ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്`. ഈ നോമ്പുകാലത്തിൽ നമുക്കു നേരിടേണ്ടി വരുന്ന പ്രലോഭനങ്ങളെക്കുറിച്ചും അവയെ നേരിടേണ്ട വിധത്തെക്കുറിച്ചും ഈശോ ഇന്നത്തെ സുവിശേഷത്തിലൂടെ നമുക്കു വിവരിച്ചു തന്നിരിക്കുന്നു. പാപികൾക്ക് അഭയം നിൽക്കുന്ന കർത്താവിൽ ആഗ്രഹിക്കുന്നവനും അനുതാപത്തിന്റെ കണ്ണീരുകൊണ്ട് പാപപൊറുതി ലഭിക്കാനും ഈ നോമ്പുകാലം നമുക്ക് സഹായകമാകട്ടെ. അനീതിയുടെ ബന്ധങ്ങൾക്ക് അയവു വരുത്തിയും, വിശക്കുന്നവരുമായി അഹാരം പങ്കുവെച്ചും, ദരിദ്രനെ സഹായിച്ചും ഈ നോമ്പുകാലം നമുക്കു ഫലപ്രദമാക്കാം. നമ്മുടെ പഴയ ജീവിത രീതിയിൽ നിന്നും രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് യഥാർത്ഥ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നമുക്കു ധരിക്കാം. പൌലോസ്ശ്ലീഹാ എഫേനോസുകാരെ ഉപദേശിച്ചതു പോലെ എല്ലാ വിദ്വേഷവും ക്ഷോഭവും ക്രോധവും ദൂഷണവും സകലവിധ തിന്മകളും ഉപേക്ഷിച്ച് പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവാൻ നമുക്കു പരിശ്രമിക്കാം.

Br. John Paul Poovathani